(സി) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഹൗസിംഗ് ബോർഡുമായി ചേർന്നു സമ്പൂർണ്ണ മൈത്രീഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. ത്രിതല പഞ്ചായത്തുകളും ഈ ദിശയിലാണ് പ്രവർത്തിക്കുന്നത്.

പട്ടികവർഗ്ഗ യുവതീ-യുവാക്കളെ സാമൂഹ്യപ്രവർത്തകരാക്കുന്ന പദ്ധതി

6 (231) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. എം. നാരായണൻ കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയിൽ ഒറ്റപ്പെട്ട് ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗ യുവതീ-യുവാക്കളെ കണ്ടെത്തി സാമൂഹ്യപ്രവർത്തകരാകുന്ന എന്തെങ്കിലും പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പട്ടികജാതി-വർഗ്ഗ പ്രതിഭകൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വനമേഖലയിൽ ഒറ്റപ്പെട്ട സങ്കേതങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആദിവാസി സങ്കേതങ്ങളിലും ഓരോ സാമൂഹ്യപ്രചോദകരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും സർക്കാർ സ്ഥാപനങ്ങൾക്കും ത്രിതല പഞ്ചായത്തുകൾക്കും ആദിവാസികൾക്കുമിടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുക എന്നതാണ് സാമൂഹ്യപ്രചോദകരുടെ മുഖ്യദൗത്യം ഇവർക്ക് പ്രതിമാസം 1000 രൂപ ഓണറേറിയമായി നൽകിവരുന്നു.

(സി) സംവരണ വ്യവസ്ഥകൾ പാലിച്ചാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടക്കുന്നത്. പ്രാഗൽഭ്യമുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഇവിടെ നിയമനം ലഭിക്കുന്നതാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവിഭാഗക്കാർ

7 (232) ശ്രീ. പി. പി. തങ്കച്ചൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങളുണ്ടായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly